# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 184** — **09.06.2014 -ലെ മറുപടിക്ക്**

## പന്തിരിക്കര പെൺവാണിഭക്കേസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന പന്തിരിക്കര പെൺവാണിഭം സംബന്ധിച്ച് പോലീസിൽ പരാതി ലഭിച്ചത് എപ്പോഴാണ്; പോലീസ് കേസ് രജിസ്റ്റർ ചെയ്തത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (എ) പന്തിരിക്കര പെൺവാണിഭം സംബന്ധിച്ച് 07.11.2013ലാണ് പരാതി ലഭിച്ചത്. അന്നേ ദിവസം വൈകുന്നേരം 7.45ന് Crime No. 337/13 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷനിൽ 17.08.2013-ൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 251/2013ൽ സഹ്‌ല എന്ന പെൺകുട്ടി ആത്മഹത്യ ചെയ്തത് ക്രൈം നമ്പർ 337/2013ലെ പ്രതികളുടെ പ്രേരണ മൂലമാണെന്ന് ടി കേസിലെ പരാതിക്കാരിയായ പെൺകുട്ടി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 251/2013ലെ 174 Cr.PC. വകുപ്പ് മാറ്റി പകരം 305 r/w 34 IPC പ്രകാരം കേസ് അന്വേഷണം നടത്തി വരികയാണ്. |
| (ബി) കേസുമായി ബന്ധപ്പെട്ട് പ്രത്യേക സംഘത്തെ എപ്പോഴാണ് നിയോഗിച്ചത് എന്നും ഈ സംഘത്തിൽ ആരൊക്കെ ഉണ്ടെന്നും വെളിപ്പെടുത്തുമോ; | (ബി) സംസ്ഥാന പോലീസ് മേധാവിയുടെ 29.11.2013 ലെ ഉത്തരവ് നം. D7/113776/13 പ്രകാരമാണ് Crime No. 337/13, Crime No. 251/13 എന്നീ കേസുകളുടെ അന്വേഷണത്തിനായി പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചത്. പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. ബി. സന്ധ്യ ഐ.പി.എസ്.ന്റെ നേതൃത്വത്തിൽ ശ്രീമതി നിശാന്തിനി ഐ.പി.എസ്., ശ്രീ. യതീഷ്ചന്ദ്ര ഐ.പി.എസ്. (എ.എസ്.പി. വടകര), ശ്രീ. ഗോപാലകൃഷ്ണൻ എം.കെ. (ഡി.വൈ.എസ്.പി., നാദാപുരം കൺട്രോൾ റൂം), ശ്രീ. മോഹന ചന്ദ്രൻ (ഡി.വൈ.എസ്.പി., സി.ബി.സി.ഐ.ഡി. മലപ്പുറം) എന്നിവരടങ്ങുന്നതാണ് അന്വേഷണ സംഘം. |
| (സി) പ്രതികൾക്കെതിരെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണെന്നും കുറ്റപത്രം സമർപ്പിച്ചില്ലെങ്കിൽ കാലതാമസത്തിനുള്ള | (സി) പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. തിരുവനന്തപുരം എഫ്.എസ്.എൽ. നിന്നും മൊബൈൽഫോൺ പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭിക്കാത്തതിനാലും പ്രതികളായി |

| | |
|---|---|
| കാരണവും വ്യക്തമാക്കുമോ; | ആരോപിക്കപ്പെട്ടവർക്കെതിരെ മതിയായ തെളിവുകൾ ലഭിക്കേണ്ടതുള്ളതിനാലുമാണ് അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസം നേരിടുന്നത്. |
| (ഡി) കേസ് സംബന്ധിച്ച എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ ? | (ഡി) ക്രൈം 337/13 കേസിലെ പരാതിക്കാരിയുടെയും പ്രതികളുടെയും മറ്റും ഫോൺ നമ്പരുകളുടെ സി.ഡി.ആർ. പരിശോധിച്ചും ടവർ ലൊക്കേഷൻ മനസ്സിലാക്കിയും ബന്തവസിലെടുത്ത മൊബൈൽ ഫോൺ, ലാപ്പ് ടോപ്പ് എന്നിവ എഫ്.എസ്.എൽ പരിശോധനയ്ക്കായി അയച്ചും കൂടുതൽ സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയും അന്വേഷണം നടത്തി വരുന്നു. ക്രൈം 251/13 കേസിൽ മരണപ്പെട്ട പെൺകുട്ടി ഉപയോഗിച്ചിരിക്കാൻ ഇടയുള്ള ഫോണുകളുടെ സി.ഡി.ആർ. പരിശോധിച്ചും പോസ്റ്റ്മോർട്ടം റിപ്പോർട്ട് പരിശോധിച്ചും രാസപരിശോധനാ റിപ്പോർട്ട് പരിശോധിച്ചും കൂടുതൽ സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയും അന്വേഷണം നടത്തി വരുന്നു. പ്രസ്തുത രണ്ടു കേസുകളും അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ